# അയ്യപ്പ പണിക്കരും മററും

894.81219
AYY

Library & Research Center

—:സനാതനൻ

894.81219 A47

നീലവിണ്ണിനുചോട്ടി—
        ലീമണ്ണിൽ വസന്തത്തിൻ
ശ്രീലമാം സൌന്ദര്യങ്ങൾ
        പൂക്കവാൻ വിപഞ്ചിതൻ
ലോലതന്ത്രികൾ മീട്ടി—
        പ്പാടുമ്പോൾ, വൈത്രപത്രത്തിൻ
വേലിമുള്ളുകൾ വെട്ടി—
        ത്തള്ളുന്നതീവാളല്ലൊ
വീണയും വാളും സൂക്ഷ്മ—
        ദർശികൾക്കൊന്നാണല്ലൊ
തോഴരെ! സംഹാരവും
        സൃഷ്ടിയുമൊരേ ധർമ്മം !!

വില 0.60

15598

# വായനക്കുമുമ്പൊരു സൂചന

ഡോ: അയ്യപ്പപ്പണിക്കർ മലയാള വായനക്കാർക്ക് സുപരിചിതനാണ്. പണ്ഡിതനാണ്. കവിയാണ്. പോരെങ്കിൽ സർവ്വകലാശാലാ അദ്ധ്യാപകനുമാണ്.

സർവ്വകലാശാല അദ്ധ്യാപകർക്ക് ചില സൗകര്യങ്ങളുണ്ട്. ചിന്തയുടെ ചിറകുമുളച്ച ചെറുപ്പക്കാരെ ശിഷ്യരായി കിട്ടും.

അദ്ധ്യാപകർക്ക്, ആ ചിറകുകൾക്ക വിശാല നീലാകാശ വീഥികളുടെ വാതിലുകൾ തുറന്നു കൊടുക്കാൻ കഴിയും.

വാതിലുകളടച്ചു, ആശാൻെറ ആശ്രമപരിസര സംക്രമണം മാത്രമാക്കി കാര്യം ജനഗണമനയിലൊതുക്കുകയും ചെയ്യാം. രണ്ടാമതു പറഞ്ഞതിലാണ് പല സർവ്വകലാശാലാ ആശാന്മാർക്കും താൽപ്പര്യം! ആശാന്മാരും ശിഷ്യന്മാരുമായി വിവിധ സാർത്ഥവാഹക സംഘങ്ങൾ ഇപ്പോൾ മലയാളത്തിൽ വിഹരിക്കുന്നു.

അവർ തമ്മിലുള്ള വാഗ്വാദങ്ങൾ, സൗന്ദര്യപ്പിണക്കങ്ങൾ, ചേരിപ്പോരുകൾ പോർവിളികൾ ഒരു ഭാഗത്ത്.

മറുഭാഗത്ത്,

ഇവരെവെച്ച് വായനക്കാരെ വലവീശിപ്പിടിക്കുന്ന വാരികകൾ, വാരാന്തപ്പതിപ്പുകൾ ഇവരെല്ലാം ''ഉണ്ടിരിക്കുന്ന നായന്മാരാണ്'' അവർക്ക് ചിലപ്പോൾ ''വിളിതോന്നും'' അതെല്ലാം കേൾക്കാനും രസിക്കാനും ശപിക്കപ്പെട്ടവരും, അതിൻെറയൊന്നും ഉള്ളുകള്ളി അറിയാത്തവരുമായ നിരപരാധികളായ മലയാള വായനക്കാർ—അവരുടെ ഗതി—അധോഗതി!
പാല്പായസവും പഴനുറുക്കും കഴിച്ചു, മുന്നും കൂട്ടി മുറുക്കി മനസ്സുംലെ പൂമുഖത്തിരുന്ന ആഢ്യൻ 'വെടിവട്ടങ്ങളിൽ' ആഭാസശ്ലോകങ്ങൾ ചമച്ചിരുന്നു.

ഒരു കാലത്തു അതേ സാഹിത്യമായിരുന്നുള്ളൂ.

വെറുതെ ഇരുന്നു മുഷിയുമ്പോൾ 'രംഭാപ്രവേശം' ആടാൻ അവർ അവിടുത്തെ കുടിയാന്മാരായ കഥകളിക്കാരോട് കല്പിച്ച കാലമുണ്ടായിരുന്നു.

കുടിയാന്മാരായ കലാകാരന്മാർക്ക ജന്മിത്തമ്പുരാൻ 'കഞ്ഞിപാർച്ച' നടത്തിയിരുന്നു. കഞ്ഞി മുട്ടരുതെന്നു കരുതി ആ സാധുക്കൾ രംഭയും രാവണനും പരിരംഭണ ശൃംഗാര പരാക്രമവുമെല്ലാം ആടിത്തകർത്തു.

അതൊരു കാലം.

ആ അഢ്യന്മാരുടെ 'പരിഷ്ക്കരിച്ച പതിപ്പാ'വാനുള്ള മത്സരത്തിലാണ് നമ്മുടെ സർവ്വകലാശാല ആശാന്മാരുടെ തിരപ്പുറപ്പാട്.

പുതിയ കുപ്പിയിൽ പഴയ വീഞ്ഞ്!

ഈ പ്രയോഗം പഴയതാണ്. പക്ഷെ സംഗതി പരമാർത്ഥമാണ്.

കമ്യൂണിസമാണ് ഏററവും വലിയ ആപത്ത്.

എന്തും ചെയ്യാനും, എന്തും പാടാനും, എന്തും വില്ക്കാനും പററിയ സർവ്വതന്ത്രസ്വതന്ത്രമായ ഇന്നത്തെ വ്യവസ്ഥിതിയാണ് മധുരം മനോജ്ഞം.

പച്ചമലയാളത്തിൽ പറഞ്ഞാൽ ഈ ആശയം സാഹിത്യമാക്കി മാററുന്നകലാ കൌശലാണ് ഇവർ പാടുപെട്ട് പ്രദർശിപ്പിക്കുന്നത്.

മുൻകൂട്ടി പറഞ്ഞുറപ്പിച്ച പരിപാടി പോലെ—ഒരുഭജനസംഘം പോലെ— ആശാന്മാരുടെ ആപ്തവാക്യങ്ങൾക്ക് ശിഷ്യന്മാർ കയ്യടിച്ച് കൊടുക്കുന്നു.

ആശാൻെറ 'ലീലാവിലാസം' പുറത്തു വന്നാൽ, പിന്നെ വിവിധവാരികകളിൽ ശിഷ്യരുടെ ചൊറിച്ചലായി, പുറം തടവലായി, കാലുതിരുമ്മലായി.

അടുത്ത കാലത്ത് ഒരു 'യുവനിരൂപകൻ' 'അളമുട്ടിയാൽ ചേരയും കടിക്കും' എന്ന മട്ടിൽ ഒരു നാടകമെഴുതി. 'തമ്മിൽ ഭേദം തൊമ്മൻ' എന്ന മഹദ്‌വാക്യമനുസരിച്ച് ഒരു അക്കാദമിക്കു ആ നാടകത്തിന്നു അവാഡ് നൽകേണ്ടിവന്നു

ലോട്ടറി ഭാഗ്യംപോലൊരു അവാർഡ്!

ഹാവൂ! എതാണ്ട് മൂന്നു മാസക്കാലം മലയാളത്തിലെ മുത്തശ്ശി നടത്തുന്ന വാരിക, വാരാന്തപ്പതിപ്പുകളിൽ ആ നാടകത്തെപ്പററി കേശാദിപാദസ്തുതി, അംഗപ്രത്യംഗ വർണ്ണന— എന്നുവേണ്ട.... എല്ലാം മുൻകൂർ തയ്യാർ ചെയ്തുവ!

നിരൂപകൻ 'യുവ'നാണെങ്കിലും ഇഷ്ടൻ മുൻചൊന്ന മാതിരി ഒരു ആശാനാണ്

അത്തരത്തിലൊരു മൂത്ത ആശാൻെറ കവിതകളാണ് അടുത്ത കാലത്തു ദേശാഭിമാനി വാരികയിൽ ഖിമർശന വിധേയമായത്.

അയ്യപ്പപണിക്കരുടെ കവിതയെ വിമർശിച്ചതു ദേശാഭിമാനി വാരിക പത്രാധിപർ തായാട്ടുശങ്കരൻ.

ഉള്ളതു പറയണമല്ലൊ. കവിതയുടെ ഉള്ളിൽ വെറും ഉള്ളമാത്രമേ ഉള്ളു എന്ന കള്ളി തായാട്ടു തള്ളിത്തുറന്നുകാട്ടി.

പണിക്കരുടെ കവിത മലയാളത്തിൻെറ അവസാന വാക്കാണെന്നു ആണയിട്ടു പറഞ്ഞ അവതാരിക എഴുത്തുകാരൻ ബേജാറായി.

കവിത എഴുതാനറിയില്ലെങ്കിലും, എഴുതുന്നവൻെറ കഴുത്തിൽ കയറിനിന്ന് ഉയരം കൂട്ടാമെന്നു ധരിച്ച പാവം, ദേവൻ കഷ്ടത്തിലായി.
പലദേവന്മാരും പാവങ്ങളാണ്. ആരാധകരുടെ പിൻബലമില്ലെങ്കിൽ ദേവനെന്തുവില!

ദേവൻ, തായാട്ടിനെ വിമശിച്ചുകൊണ്ട് ദേശാഭിമാനിയിലെഴുതി. ആ കുറിപ്പ് ആദ്യം ചേർത്തിട്ടുണ്ട്. ദേവൻെറ കുറിപ്പിന്ന് ഞാനും ഒരു മറുപടി തയ്യാറാക്കി ദേശാഭിമാനിക്കയച്ചു.

നിർഭാഗ്യവശാൽ അതു വാരികയിൽ വന്നില്ല. എന്നാൽ ഇതെല്ലാം വായിക്കാൻ വിധിക്കപ്പെട്ട സാമാന്യരുണ്ടല്ലോ, അവക്കും ചില അഭിപ്രായങ്ങളുണ്ടാവുക സ്വാഭാവികം മാത്രം.

ആ സ്വാഭാവികതയുടെ സന്തതിയാണ് ഈ ലഘുലേഖ

ഇനി വായിക്കുക

—സനാതനൻ

# ആഹ്ളാദിക്കൂ ഹൃദയമേ ആഹ്ളാദിക്കൂ

—എം. വി. ദേവൻ

ദേശാഭിമാനി വാരികയിൽ തായാട്ട് ശങ്കരൻ (ടി. എസ്.) എഴുതിയ 'അയ്യപ്പപണിക്കരുടെ കൃതികൾ-അവതാരികയിലൂടെ' എന്ന ലേഖന പരമ്പര വായിച്ചപ്പോൾ ആദ്യം ഒന്നു ഞെട്ടി, എന്നാൽ അടുത്ത നിമിഷത്തിൽ 'ആഹ്ളാദിക്കൂ ഹൃദയമേ, ആഹ്ളാദിക്കൂ' എന്ന് വിളിച്ചുപറയാനാണ് തോന്നിയതു്. ശങ്കരനെപ്പോലുള്ള ഒരു എഴുത്തുകാരൻെറ നിശിതമെങ്കിലും ഏകാഗ്രമായ എതിർപ്പിന് പാത്രമാകുന്നതു് ചില്ലറക്കാര്യമാണോ? കൽപ്പണിക്കാർക്കും കരാറുപണിക്കാർക്കും മററും സാഹിത്യാദി കലകളിൽ എന്തോന്ന് കാര്യം എന്ന് യുക്തി വിചാരം നടത്താൻ പോന്ന മാർക്സിയൻ വെളിച്ചം കിട്ടീട്ടുള്ള തായാട്ട് തൻെറ പത്രാധിപത്യത്തിലുള്ള വാരികയുടെ എട്ട് ലക്കങ്ങളിൽ രണ്ടോ മൂന്നോ പേജുകൾ വീതം ഇതിന് നീക്കിവെക്കുമ്പോൾ ആഹ്ളാദിക്കുകയല്ലാതെ പിന്നെന്തു ചെയ്യും?

(ദേശാഭിമാനി മാനേജർ പരസ്യച്ചാർജ്ജ് വകയിൽ എൻെറ പേർക്ക് ബില്ലയക്കാതിരിക്കട്ടെ.)

കേശവദേവ് (ആ ആത്മാവിന് ശാന്തി ലഭിയ്ക്കട്ടെ) കഴിഞ്ഞാൽ പിന്നെ കേരളത്തിൽ എതിർപ്പിന് ഒരു ആശാനുണ്ടെങ്കിൽ അത് തായാട്ട് ശങ്കരനാകുന്നു. എതിർപ്പ് അദ്ദേഹത്തിൻെറ കയ്യിൽ കലയും ശാസ്ത്രവും കൂടോത്രവും എന്തുമാകും. എതിർപ്പിൻെറ പടച്ചട്ടയണിഞ്ഞ് പ്രസിദ്ധിയുടെ വെള്ളിവെളിച്ചത്തിൽ കുളിച്ചു നിൽക്കുന്ന ശങ്കരനെ കണികണ്ടാണ് കേരളത്തിൽ പണ്ട് ഒരു പുലരി പൊട്ടി വിടർന്നതു്.

പത്തുമുപ്പത്തെട്ട് കൊല്ലങ്ങൾക്ക് മുമ്പുള്ള ചെങ്ങിയ ഒരു പ്രഭാത വേള.

1945 ലെ ബോംബെ നഗരം

'പീപ്പിൾസ് തീയേററി'ൻെറ ഉദ്ഘാടനത്തിൽ പങ്കെടുക്കാനോ മററോ നഗരത്തിലെത്തിയ മഹാകവി വള്ളത്തോളിന് ബോംബെ മലയാളി സമൂഹം ഉജ്ജ്വലമായ ഒരു വരവേൽപ്പ് നൽകുകയുണ്ടായി. ആ സമ്മേളനത്തിൽവെച്ച് മഹാകവിക്ക് ഒരു തുറന്നകത്ത് നൽകിക്കൊണ്ട് ശങ്കരൻ തൻെറ എതിർപ്പിൻെറ അരങ്ങേററം കുറിച്ചു.

തുറന്ന കത്തു് വായിച്ചാറെ, മഹാകവി ഞെട്ടി, കേരളത്തിൽ പുരോഗമന സാഹിത്യം പൂത്തുലഞ്ഞുനിൽക്കുന്ന കാലമല്ലായിരുന്നോ അതു്! 'തുപ്പൽ കോളാമ്പി സാഹിത്യം' ചുമന്ന് നടന്ന പഴഞ്ചൻമാർ ഞെട്ടി; ആ കോളാമ്പി തട്ടിത്തകർക്കാൻ തത്രപ്പെട്ടുനടന്നിരുന്ന പുത്തഞ്ചൻമാരും ഞെട്ടി. ആ ഞെട്ടൽ ഇയ്യിടെയാണ് ഒന്നടങ്ങിയതു്; 'പുരോഗമന സാഹിത്യം അന്നും ഇന്നും, എന്നും' മററുമുള്ള മന്ത്രോച്ചാരണത്തിനുശേഷം.

(ശാസ്ത്രവിചാര പരിഷത്തുകാരും യുക്തിവാദികളും എന്തൊക്കെ ചെയ്താലും മന്ത്രത്തിനിന്നും ശക്തിയുണ്ടെന്നുതന്നെ തോന്നുന്നു സാത്വിക ശക്തികളല്ല, താമസശക്തികളാണ് വേഗത്തിൽ ഇളകിയ ട്ടന്നതെന്ന് മാത്രം.)

എന്തായിരുന്ന ആ തുറന്ന കത്ത്? മഹാകവി വള്ളത്തോളിന് നൽകിയ കററപത്രമായിരുന്നു അത്. വള്ളത്തോറം കവിത, കഥകളി, അസാരം സംസാരിച്ചു തുടങ്ങി എന്ന് പറഞ്ഞതപോലെ, പുരോഗമന സാഹിത്യത്തിൻെറ കള്ളക്കമ്മട്ടം അടിച്ചിറക്കുന്നു, സോഷ്യലിസ്റ്റ് പ്രേമവും സോവിയററ് റഷ്യയോട് കൂറും സ്റ്റാലിനോട് (ആ നാമം എന്നും വാഴ്ത്തപ്പെടട്ടെ) ഭക്തിയും പ്രദർശിപ്പിക്കുന്നു; ആർഷപാരമ്പര്യം അമ്പെ കളഞ്ഞുകളിച്ച് ഹിംസാത്മക ചര്യകറംക്ക് കൂട്ടുനിൽക്കുന്നു.

ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിയ്ക്കിത്ര
മംഗളം കാശ്യം കല്പപാദപമുണ്ടായ് വരൂ

എന്നുപാടിയ നാവ് വോറംഗക്ക് ജയ ജയ പാടുന്നു;........'നമസ്തേ സുമഹാത്മൻ, നമഃസ്തു ജഗദ്ഗുരോ' എന്ന് ഗാന്ധിജിയെ പ്രകീർത്തിക്കാൻ ബാധ്യതപ്പെട്ട തൂലിക സഹോദരൻമാരുടെ ചോരച്ചരുതിയിൽ കളിച്ചുനിൽക്കുന്ന സ്റ്റാലിനെ മറെറാരു ജഗദ്ഗുരുവെന്ന് വാഴ്ത്തുന്നു! പോരെ പൂരം!! എന്തൊരു വിപ്ലവപ്ലവം! (വാക്കോടുള്ള കമ്പംകൊണ്ട് പ്രയോഗിച്ചുപോയതാണേ, —കോലാഹലമെന്ന് അർത്ഥമാക്കിയാൽ മതി.)

എന്നിട്ടിപ്പോറം, രണ്ട് മൂന്ന് പന്തീരാണ്ട് കഴിഞ്ഞപ്പോറം, എന്തായി ?

ഏതൊന്നിനെയൊക്കെ അന്ന് എതിർത്തിരുന്നോ അതിൻെറയൊക്കെ ധീരനായ വക്താവും പോരാ കോട്ട കാവൽക്കാരനുമായി ശങ്കരൻ ഇന്ന് ഉയർന്ന വിരാജിക്കുന്നു.

'രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ'—ഹേ ഭവാൻ
ഭവാൻ തന്നെയോ ഖണ്ഡമാനഭൗതികവാദം?

ഇന്നദ്ദേഹം നഖശിഖാന്തം എതിർക്കുന്ന കവിതാരീതിക്ക് അഥവാ 'അകവിതാ' പേക്കോലങ്ങറംക്ക് രണ്ടോ മൂന്നോ പതിററാണ്ടുകറംക്കു ശേഷം ശക്തനായ വക്താവും കോട്ട കൊത്തളം കാവൽക്കാരനും ആവേണ്ടി വരും. ഇത് ലോക ഗതി. അപ്പണിക്ക് താനിതാ ഇപ്പോഴേ 'കളത്താററി' നിൽക്കുന്നു എന്ന് വ്യംഗ്യമധുരമായി അറിയിക്കുന്നതല്ലയോ ശങ്കരൻെറ ഈ എതിർപ്പ്? നിപുണ ശ്രോത്രങ്ങളിൽ വേറെയും ചിലതു് കേട്ടെന്നു വരാം.

'ആശ്വാദിക്കു ഹൃദയമേ, ആശ്വാദിക്കു' എന്നു പറഞ്ഞുപോയതിതു കൊണ്ടാണ്.

അകത്ത് ചേന്നാൽ പുറത്ത്, പുറത്തായാൽ അകത്തു്. അകംപുറവും പുറം അകവുമാകുന്ന ഈവിഭ്രാന്തിയെ അഭിമുഖീകരിച്ചിട്ടാവണം അയ്യപ്പപണിക്കർ

'സൃഷ്ടിയോ, സംഹാരമോ', 'മുൻപേത് പിറകേത്' എന്നെല്ലാം ഉദ്വിഗ്നനായി ചോദിച്ചുപോയതു'!

നാലുമാസംകൂടി കഴിഞ്ഞാൽ പിറക്കുന്നതു് ആയിരത്തിത്തൊള്ളായിരത്തി എൺപത്തി നാലെന്ന വർഷമാകുന്നു.

ആയിരത്തിത്തൊള്ളായിരത്തി എൺപത്തി നാലെന്നു് കേൾക്കുമ്പോൾ നിങ്ങളുടെ ആരുടെയെങ്കിലും മനസ്സിൽ ഒരു പരൽ മീൻ പിടയുന്നുണ്ടോ ?

'നൈൻറീൻ എയ്റ്ററിഫോർ' എന്നു കേൾക്കുമ്പോഴോ? 'നൈൻറീൻ എയ്റ്ററിഫോർ' ഒരു പുസ്തകത്തിൻെറ പേരാകുന്നു നാല്പതിലേറെ കൊല്ലങ്ങൾക്കുമുമ്പു് എഴുതപ്പെട്ട കൃതി. കർത്താവ്! ജോർജ്ജ്ഓർവൽ എന്ന മഹാ പിന്തിരിപ്പൻ. അതിൽ അസാധാരണങ്ങളായ പല പ്രയോഗങ്ങളുമുണ്ട്. 'ഡബിൾ തിങ്ക്' അത്തരം പ്രയോഗങ്ങളിൽ ഒന്നത്രേ.

ഡബിൾ തിങ്ക് എന്താണെന്നു മനസ്സിലാക്കാൻ ശങ്കരൻെറ എതിർപ്പ് എന്താണെന്നു മനസ്സിലാക്കിയാൽ മതി. സമകാലിക സമൂഹത്തിലെ അത്യാചാരങ്ങളെ മനസ്സിലാക്കാൻ ചിലർക്കെങ്കിലും ഇതുപകാരപ്പെടും.

എതിർപ്പിൻെറ ഉൽസാഹത്തള്ളിച്ചയിൽപ്പെട്ടതിനാലാവണം, 'ശങ്കരാഭരണ' മാകാൻ പററാത്ത ചില അലങ്കാരങ്ങളും പ്രയോഗങ്ങളും അദ്ദേഹത്തിൻെറ ലേഖനത്തിൽ ചിതറികിടക്കുന്നതുകണ്ടു. സ്വന്തം ആവനാഴിയിലേക്ക് പിൻവലിക്കാനുള്ളവയായതുകൊണ്ട് അവയെക്കുറിച്ച് ഞാനെന്തിനു കവലപ്പെടണം? ഇനി കവലപ്പെട്ടാലോ അവക്ക് മറുമൊഴി മൊഴിയാനുള്ള ശക്തിയോ നിപുണതയോ എനിക്കുണ്ടോ? ഇല്ലാത്തതിനു കാരണം:

ശങ്കരൻ പഠിച്ച സ്കൂളിലല്ല ഞാൻ പഠിച്ചതു്
ശങ്കരൻെറ ഗുരുക്കന്മാരല്ല എൻെറ ഗുരുക്കന്മാർ

എൻെറ പാരമ്പര്യമാകട്ടെ 'മനക്കലെ' എന്നല്ല പത്രോത്തെപ്പടിക്കലെ കാര്യസ്ഥപ്പണിക്കുപോലും പററിയതല്ലായിരുന്നു; അഭിജാതമായിരുന്നില്ല എന്നു ചുരുക്കം.

# ശൃണു! ദേവഭാഷണം!

—സനാതനൻ

സാക്ഷാൽ എം. വി. ദേവൻ ഇപ്പോഴം അപൂർവ്വമായേ പ്രത്യക്ഷപ്പെടാറുള്ളു. അകാലത്തിൽ ആരാധകരെ അമ്പരിപ്പിച്ചുകൊണ്ടാണല്ലൊ സകല ദേവന്മാരുടെയും വരവ്. അതു പുരാണ പ്രോക്തം.

നാട്ടുനടപ്പും അതു തന്നെയാണെന്നു് നമ്മുടെ ദേവൻ സ്ഥിരീകരിച്ചിരിക്കുന്നു. അത്രയും നല്ലത്.

മന്ത്രവാദസദൃശമായ 'ആമുഖ'വും ഭാഷണവും കേട്ടിട്ട് നാളേറെയായി. കലാതപസ്യയിൽ സമാധിസ്ഥനായ ആ മഹാശയൻെറ സൃഷ്ട്യുന്മുഖങ്ങളായ മിഴികൾ ഇതുപെട്ടെന്നു് ബഹിർ മുഖങ്ങളാക്കിയതു ടി. എസ്. ആണ്.

ഇതിന്നുമുമ്പ് 'അലവലാതി'കളായ അക്കാദമികളെ ആസകലം പൂശിവിട്ടതു മഹത്തായ മാതൃഭൂമി വാരികയിലൂടെയാണ്. അന്നത്തെ ദേവഭാഷണം കേട്ട് അസ്മാദൃശ്യർ പുളകിതഗാത്രരായി.

ആസ്ഥിത പ്രജ്ഞഭാവം! ആസത്യദർശന സ്ഥൈര്യം!! ഭൂഗോളം മുക്കാലും വിഴുങ്ങിക്കഴിഞ്ഞ കമ്യൂണിസ്റ്റ് ഭൂതത്തോടുള്ള അടങ്ങാത്ത രോഷം!!! എല്ലാററിനുമുപരി സർവ്വ തന്ത്ര സ്വതന്ത്രനായ കലാകാരൻെറ ഗൗരവം!!

എല്ലാ പഴയ—സ്ഥായിയായ—ഗുണങ്ങളും 'അക്കാദമിവധം' ആട്ടക്കഥയിൽ തെളിഞ്ഞു. കഥകളിമട്ടിൽ ക്ലാസിക് ശൈലിയിൽ അദ്ദേഹം ഇളകിയാടി. പിന്നെ അർജ്ജുനനെപ്പോലെ അഷ്ടകലാശംചവിട്ടി സകല അക്കാദമിഷ്യരേയും പോരിന്നു വിളിച്ചു. വിളി ദിഗന്തങ്ങളിൽ മുഴങ്ങി. കാക്കത്തൊള്ളായിരം ആരാധകരിൽ ഒരുവനായ ഈയുള്ളവനും സന്തോഷിച്ചു.

കാലം മാറി, കോലം മാറി, മനുഷ്യൻ മാറി, ലോകവുംമാറി—സാക്ഷാൽ ദേവനുമാത്രം മാററമില്ല. ദേവന്മാർ അങ്ങിനെവേണമല്ലോ. ചുട്ടിയും കിരീടവും പഴയതുതന്നെ. ആട്ടച്ചിട്ടകളും തഥൈവ. ക്ലാസിക് സ്റ്റൈലിനുള്ള മെച്ചമതാണ്, നൂററാണ്ടുകളേറെച്ചെന്നാലും രാമൻ രാമൻ തന്നെ. രാവണനും അപ്രകാരം.

ദേവനെ അക്കാര്യത്തിൽ വിമർശിക്കരുതു്. അദ്ദേഹം 'ശാശ്വത കല' സൃഷ്ടിക്കാനായി അവതരിച്ച മാന്യദേഹമാണ്. ആ നിലയ്ക്കു സമാധിസ്ഥനമാണ്. നശ്വരങ്ങളായ പ്രാപഞ്ചിക മാററങ്ങൾ അവിടെ ബാധകമല്ല.

അക്കാരണത്താലാണ്, മാററത്തിൻെറ തത്വശാസ്ത്രം കാച്ചുന്നവരെ വരച്ച വരയിൽ നിർത്താൻ അദ്ദേഹം തന്നെ ഒരു നിമിത്തമായത്.

കാലുറയ്ക്കാത്ത കാലത്താണെങ്കിലും, കാരണവന്മാർ ചൊല്ലിക്കൊട്ടത്ത കാര്യങ്ങളിൽ കാതലായി വിശ്വസിക്കുന്ന ചിലരെങ്കിലുമുണ്ടല്ലൊ.

ഇതാ ഒരു മഹാപ്രതിഭാസം!

അഖില കേരള പ്രശസ്തനായ (സോറി എന്തിനു കുറക്കണം. അഖില ലോക പ്രശസ്തനായ)ഒരു ചിത്രകാരൻ, കലാ തത്വവേദി, സ്വാതന്ത്ര്യപ്രേമി......
അണിയറയിൽ അശരീരി:—

ഒരു കാലത്തു അക്കാദമികളൊന്നിൽ അധിക തുംഗപദത്തിൽ എത്ര ശോഭിച്ചിരുന്ന ദേഹമാണ്! തുച്ഛമായ മൂന്നുവർഷക്കാലം കൊണ്ട് അനേകം 'ശാശ്വത കലകൾ' അവിടെ സൃഷ്ടിക്കുകയുമുണ്ടായി. പത്തുമാസം തികയുമ്പോൾ പ്രസവിക്കണമെന്ന നിർബ്ബന്ധ ബുദ്ധിപോലെ മൂന്നു വർഷം തികഞ്ഞപ്പോൾ അക്കാദമിക്കു പുറത്തായി. പുറത്താവാതിരിക്കാനും തുടരാനും വിവിധ കായികാഭ്യാസങ്ങളും കടത്തനാടൻ ശൈലിയിൽ കളരിപ്പയററുകളും കളിച്ചു നോക്കി. പക്ഷെ ആ 'കളികൾ'ക്കു മുകളിലൂടെ മററൊരു 'ശാശ്വത കല' പോൾവാൾട്ട ചാടി അദ്ധ്യക്ഷസ്ഥാനത്തെത്തി. പക്ഷെ അന്ന് കമ്യൂണിസ്റ്റുകാരല്ലായിരുന്നു അധികാര സോപാനങ്ങളിൽ.

സാക്ഷാൽ ജനാധിപത്യ സ്വതന്ത്ര്യ വിശ്വാസികളും ഈശ്വര വിശ്വാസികളുമായ കോൺഗ്രസ്സുകാർ ചേരമാൻ പെരുമാക്കന്മാരായി നാടുവാഴുകയായിരുന്നു. അതു ചരിത്രം!

* 'ജാഗ്രത'കളും 'വിമോചന'ങ്ങളും 'സമീക്ഷ'കളും 'വിഷവൃക്ഷം'നാടകങ്ങളും എന്നു വേണ്ട ഒട്ടനേകം ബാരിക്കേഡുകൾ കെട്ടിപ്പൊക്കിയിട്ടും, 'ഗോവിന്ദദേവാദികൾ' പഠിച്ച പണി പതിനെട്ടു പയററീട്ടും, സി. ഐ. എ, എം. ആർ. എ. സാമ്പത്തിക സഹായങ്ങൾ നിർല്ലോഭം ലഭിച്ചിട്ടും, ബോധിവൃക്ഷത്തണലിൽ ബുദ്ധിജീവികളും (ജീവിതബുദ്ധികളും) രാപ്പകൽ ക്ലാസുകൾ നൽകിയിട്ടും അണ്ടൻെറയും അടകോടൻെറയും പാർട്ടി അധികാരത്തിൽ പൊത്തിപ്പിടിച്ചു കയറി.

അധികാരം മാത്രമാണെങ്കിൽ സഹിക്കാം. അഞ്ചുകൊല്ലം മുമ്പെ തഞ്ചം കിട്ടുമ്പോൾ കാലുമാററി മറിച്ചിട്ടു കളയാവുന്നതേയുള്ളൂ.

ഇത്തവണ അവിടം കൊണ്ടും കളി തീർന്നില്ല. കളി, മലബാർ ശൈലിയിൽ പറഞ്ഞാൽ 'കുരുക്കളുടെ നെഞ്ചത്തായി' അതിശുദ്ധമായി ജ്ഞാനികളിരുന്നു സംവാദം ചെയ്യുന്ന സംശുദ്ധ സോപാനങ്ങളിൽ, അഥവാ സാഹിത്യ കലാരംഗങ്ങളിൽ 'ഇവററ നുഴഞ്ഞുകയറിക്കളഞ്ഞു' 'ദേശാഭിമാനി സ്റ്റഡിസർക്കിളു'ണ്ടാക്കി അണ്ടനും അടകോടനും വടിതല്ലു പഠിക്കുന്നു. നാട്ടിലുടനീളം സാഹിത്യം ചർച്ച ചെയ്യുന്നു. കഴിച്ചുമൂടിയ എഴുത്തുകാരെ പുറത്തെടുക്കുന്നു. പോസ്റ്റുമാർട്ടം നടത്തുന്നു. പലതും കൊലപാതകങ്ങളാണെന്ന് വിധി എഴുതുന്നു. വിധി പ്രഖ്യാപിക്കുന്നതു വെറും ജനം. പോരേ പൂരം! ഇതിൽപ്പരം തോന്ന്യാസമെന്തു! മൗനം വിദ്വാന്നു ഭൂഷണം. സാക്ഷാൽ ദേവന്നു് മൗഢ്യമായി. കുററിയററുതുടങ്ങിയ ആരാധക സമൂഹം.—വളരെ ന്യൂനപക്ഷം ദേവപ്രശ്നം വെച്ചു. ഫലിച്ചില്ല. സംഗതി, തിരുവിതാംകൂർ ശൈലിയിൽ പറഞ്ഞാൽ 'പോക്കു തന്നെ'

---

* കേരളത്തിൽ പല കാലങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടതും, എം. വി. ദേവനും, എം. ഗോവിന്ദനും നേതൃത്വം നൽകിയതുമായ പ്രസിദ്ധീകരണങ്ങൾ

നാളേറെ ചെന്നപാറെ ഒരുനാരം ദേവൻ മിഴി തുറന്നു.

മറിമായമോ!
മന്ത്രവാദമോ!

പുതിയ തലമുറ വന്നിരിക്കുന്നു. 'സച്ചിദാനന്ദമയ'മായിത്തീർന്നിരിക്കുന്നു സാഹിത്യം!

'അയ്യപ്പ' ഭക്തന്മാരായി വരുന്നു പുരവാസികരം!!

ദേവൻ ചുഴിഞ്ഞുനോക്കി. ഗോവിന്ദസ്വാമി വാളയാർ ചുരം കടന്നു. *നിളാനദി പോലെ നാട്ടിലെത്തി.

'അഹോ'! വിചിത്രം തരുണീ, രുണീ രുണീ'എന്ന് സരസകവി കെ. സി. നാരായണൻ നമ്പ്യാർ പാടിയ പോലെ ഇരുവക്കും അത്ഭുതമായി.

അനന്തിരവരെ അനുഗ്രഹിച്ചു, താന്താങ്ങളുടെ അസ്തിത്വം ഉറപ്പു വരുത്തി അവർ തയ്യാർ ചെയ്ത വിഭവങ്ങരം രുചിച്ചു. ദേഹണ്ഡക്കാർക്കിടയിലെ ആ 'ചരക്കു മാസ്റ്റർ' മാർ വിധിയെഴുതി.

''ഇത്ര പഴയ സാധനങ്ങരം ഇത്ര മാത്രം പുതുമയോടെ വിതരണം ചെയ്യുന്നതിൽ നിങ്ങരം കാട്ടിയ കൌശലം!— അന്തഹന്തസ്യ ഇന്തപാട്ട്! -....'

ഏകലവ്യന്മാർ എന്ന അടിമ വർഗ്ഗം ഉവാച:—

''ആചാര്യരേ! ഇതു റിഡക്ഷൻ വില്പനയാണ്. ഉള്ളടക്കത്തിൽ ഞങ്ങരംക്കു താല്പര്യമില്ല ലാഭം ലാഭം.......ലാഭം മാത്രം''

മാറാത്ത കാലത്തിന്നുവേണ്ടി, മാറാത്ത ലോകത്തിന്നുവേണ്ടി, 'മാറാത്ത അപൂർവ്വം മനുഷ്യർക്കുവേണ്ടി, ശാശ്വത മൂല്യ'മെന്ന അപ്പൂപ്പൻ താടിക്കുവേണ്ടി ആയസ്സുമുഴവൻ വ്യർത്ഥമാക്കിയ 'ഗോവിന്ദ ദേവാദികരം' ചരിതാർത്ഥരായി.

'സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം' എന്നു് ആപ്തവാക്യം.

ഇത്രയും ആമുഖം.

'ആമുഖ' മാണല്ലൊ ഇപ്പോരം മുഖത്തേക്കാരം പ്രധാനം.

കാര്യം ഇത്രമാത്രം.

അയ്യപ്പപണിക്കരുടെ കവിത വിമർശന വിധേയമായിരിക്കുന്നു. ടി. എസ്. എന്ന പേരിൽ തായാട്ട് ശങ്കരനാണ് ആ ആഭിചാരം നടത്തിയതു. വിമർശനം സർവ്വതന്ത്രസ്വതന്ത്രർക്കു ദഹിക്കാത്ത വിഷയമാണ്. ശങ്കരക്കുറുപ്പ് വിമർശിക്കപ്പെട്ടപ്പോഴം (അയ്യപ്പപണിക്കർക്കു ഇതു കേരംക്കുമ്പോരം ഒരു സുഖമുണ്ടാകട്ടെ എന്നു കരുതി മന:പൂർവ്വം എഴുതിയവരിയാണിതു്) രാജ്യത്തു ഇതേ പോലെ ചിലർക്കു

* നിളാനദിയെ നമ്പരുതെന്ന നാടൻ പഴമൊഴി.

15598

അജീർണ്ണവും ബാധോപദ്രവുമുണ്ടായി. ചില മന്ത്രവാദികൾ പിന്നീട് അതിന്റെ മാററൊഴിപ്പിച്ചു. സമാധിസ്ഥാനായ സാക്ഷാൽ ദേവന്ന് സ്വന്തം ജന്മദൌത്യം സഫലീകൃതമാകുന്ന ഒരു കൃതി കയ്യിൽ കിട്ടിയപ്പോൾ തോന്നിയ ആഹ്ലാദം അനേകം പുറങ്ങളിലായി, അക്ഷരങ്ങളായി, അർത്ഥശൂന്യ ജല്പനങ്ങളായി ഭിന്ന രുചിക്കാരായ അനുവാചകരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിൽ ഒട്ടും അനൌചിത്യം തോന്നിയില്ല. ഔചിത്യമാണ് കലാകാരന്റെ പെരുമാററ് സംഹിതയിലെ പ്രധാന ഗുണങ്ങളിലൊന്ന് എന്ന് കേട്ടറിവുണ്ട്.

പക്ഷെ ഏകലവ്യന്റെ ശാസ്ത്രാസ്ത്രവിദ്യ കണ്ടപ്പോൾ ദ്രോണക്കുള്ളിൽ അസൂയ തോന്നി. വർണ്ണാശ്രമ ധർമ്മത്തിന്റെ നീചബുദ്ധി, ആ ശിഷ്യന്റെ വിരലു നഷ്ടപ്പെടുത്തി. പാവം! അയ്യപ്പപണിക്കർ! സാമാന്യം ചില നല്ലവരികൾ ആ ഗ്രന്ഥത്തിലുണ്ട്. പക്ഷെ എന്തു ചെയ്യും !!

'ആമുഖം' മെന്ന ഈ വൈരൂപ്യത്തിന്റെ കടമ്പ കടന്ന് അവിടെയെത്തുമ്പോൾ കുടിയന്റെ വീട്ടിൽ പെണ്ണുകാണാൻ ചെന്ന അനുഭവമാണ് ഓർമ്മ വരുന്നതു.

ഈ പരുക്കൻ സത്യം, പരുക്കനായി പറഞ്ഞതാണ് ടി. എസ്. ചെയ്ത തെററ്! സാരമില്ല. രാജാവ് ഉടുത്തിട്ടില്ല എന്ന് വിളിച്ചു കൂവിയ നിഷ്കളങ്കനായ ബാലന്റെ ദൌത്യമാണ് അല്പം തായാട്ടു കാട്ടുന്ന ടി. എസ്. ചെയ്തതും ദേവഭാഷിതത്തിലെ കാപട്യം ഇവിടെ തുറന്നു കാട്ടപ്പെട്ടിരിക്കുന്നു.

ഞങ്ങളെപ്പോലുള്ള സാമാന്യരുടെ കണ്ണിൽ ടി. എസ്. ചെയ്ത സേവന വളരെ ലളിതമാണ്.

കൂട്ടായ പോരാട്ടത്തിലൂടെ മുന്നോട്ടു കുതിച്ചു പായുന്ന സാധാരണ മനുഷ്യന്റെ അടിസ്ഥാന ജീവിത ചോദനകളെ കൂച്ചുവിലങ്ങിടുന്ന പ്രമേയങ്ങൾ വളരെ സമർത്ഥമായും കലാപരമായും പ്രതിപാദിച്ച കൃതി സാധാരണ മനുഷ്യനേയും സാഹിത്യത്തേയും ഒരേപോലെ സ്നേഹിക്കുന്ന ടി. എസിന്റെ തൂലിക തുറന്നുകാണിച്ചു.

ദേവന്മാർ കോപിക്കട്ടെ
പർവ്വതങ്ങൾ കുലുങ്ങട്ടെ
മേഘങ്ങൾ ഗർജ്ജിക്കട്ടെ

സമതലങ്ങളിൽ സമത്വ സുന്ദരമായ സമാധാന ജീവിതം കാംക്ഷിക്കുന്നവർക്ക് അതൊരു നല്ല കാര്യമാണ്. പഴയ ഒരു നാടൻ പാട്ടുണ്ടല്ലൊ.

അയ്യപ്പാ മഴപെയ്യട്ടെ
പുഞ്ചപ്പാടം കൊയ്യട്ടെ

* All Art is conditioned by the freedom with in the Society which produce it. All art is a mode of freedom *

* കവി, സമൂഹത്തിന്റെ പ്രയാസമേറിയ പ്രശ്നങ്ങൾക്ക ഉത്തരം നൽകുന്ന പ്രവാചകനും ധാർമ്മികവും ആദർശപരവുമായ ജീവതത്തിന്റെ പ്രതിനിധിയും മററുള്ളവർ കണ്ടെത്തുന്നതിന്നു മുമ്പ്, സർവ്വസാമാന്യമായ പീഡകളും യാതനകളും തന്നിൽത്തന്നെ കണ്ടെത്തുന്ന ചികിത്സകനുമാണ് —ബലിൻസ്കി

Printed at
Doothu Publications Pgt·
Phone : 5160